പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 3430 25.06.2012 - ൽ മറുപടിക്ക്

## തളിപ്പറമ്പ് അരിയിൽ വള്ളേരി മോഹനൻ വധശ്രമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കെ. നാരായണൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് അരിയിൽ വള്ളേരി മോഹനൻ എന്നയാളെ ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് പ്രവർത്തകർ ആക്രമിച്ച് കൊലപ്പെടുത്താൻ ശ്രമിച്ചത് സംബന്ധിച്ച കേസ് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഇത് സംബന്ധിച്ച കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; കേസിലെ പ്രതികൾ ആരൊക്കെയാണ് ; എത്ര പേരെ ഇതിനകം അറസ്റ്റ് ചെയ്തു; ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ്സെടുത്തിരിക്കുന്നത് ; വ്യക്തമാക്കുമോ; | (എ) ഇതു സംബന്ധിച്ച് തളിപ്പറമ്പ് പോലീസ് സ്റ്റേഷൻ ക്രൈം നം. 246/12 U/S 143, 147, 148, 452, 323, 427, 324 r/w 149 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരവെ 450, 307 IPC പ്രകാരമുള്ള വകുപ്പുകൾ കൂട്ടി ചേർക്കുകയും 452 IPC പ്രകാരമുള്ള വകുപ്പ് ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. ടി കേസിൽ 1) മുഹമ്മദ് സാലി, 2) മുഹമ്മദ് കുഞ്ഞി, 3) റഫീക്ക്, 4) അബ്ദുള്ള കുട്ടിയേരി, 5) റൗഫ് എം.കെ., 6) കണ്ണങ്കിൽ സക്കറിയ എന്നിവർ ഉൾപ്പെടെ 15 IUML പ്രവർത്തകരെയാണ് പ്രതികളായി ചേർത്തിട്ടുള്ളത്. ഇവരിൽ 3, 5, 6 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ് അന്വേഷണാവസ്ഥയിലാണ്. |
| (ബി) വധശ്രമം നടത്തിയ എല്ലാവരേയും അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കാൻ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണ്; | (ബി) ബാക്കിയുള്ള പ്രതികൾ ഒളിവിൽ ആയതിനാൽ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനുള്ള ഊർജിത അന്വേഷണം നടന്നു വരികയാണ്. |
| (സി) ഈ കേസിന്റെ അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥൻ ആരാണ് ? | (സി) തളിപ്പറമ്പ് പോലീസ് സർക്കിൾ ഇൻസ്പെക്ടറാണ് ഈ കേസ് അന്വേഷിച്ച് വരുന്നത്. |

Joseph

സെക്ഷൻ ഓഫീസർ